കേരളകൗമുദി

Established by C.V. Kunjuraman as a periodical in 1911

കൊച്ചിയിൽ വൻ തീപിടിത്തം

ആറുനിലക്കെട്ടിടം കത്തിയമർന്നു

സ്വന്തംലേഖകൻ

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപമുള്ള ചെരുപ്പ് ഗോഡൗണിലുണ്ടായ തീപിടിത്തം ഫോട്ടോ: ജോഷ്വാൻ മനു

കൊച്ചി: എറണാകുളം നഗരമദ്ധ്യത്തിൽ മണിക്കൂറുകളോളം ഭീതി പടർത്തി ചെരുപ്പ് ഗോഡൗണിലുണ്ടായ തീപിടിത്തത്തിൽ ആറു നിലകെട്ടിടം പൂർണമായും കത്തിയമർന്നു. സൗത്ത് റെയിൽവേ സ്റ്റേഷന് തൊട്ടടുത്തുള്ള ഫാൽക്കൺ ഏജൻസി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഗോഡൗണാണ് കത്തിയത്.

അഞ്ചു മണിക്കൂർ 40ൽ അധികം അഗ്നിശമന യൂണിറ്റുകൾ പ്രവർത്തിച്ചാണ് തീയണച്ചത്. അഞ്ചരമണിക്കൂറിന് ശേഷമാണ് അഗ്നിശമന സേനാംഗങ്ങൾക്ക് കെട്ടിടത്തിനുള്ളിലേക്ക് കയറാനായത്. ഇത്രയും സമയം നഗരം മുൾമുനയിലായിരുന്നു. ആളപായമോ പരിക്കുകളോയില്ല. വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് കാരണമെന്ന് സംശയിക്കുന്നു.

ഇന്നലെ രാവിലെ പതിനൊന്നരയ്ക്കാണ് രണ്ടാം നിലയുടെ ഒരു ഭാഗത്ത് തീപടരുന്നത് ശ്രദ്ധയിൽപെട്ടത്. ജീവനക്കാർ ബഹളം വച്ച് മറ്റുനിലയിലുള്ളവരെയും വിളിച്ചുകൂട്ടിപുറത്തേക്ക്ഓടിരക്ഷപെട്ടതിനാൽ വൻദുരന്തം ഒഴിവായി. അതിഭീകരമാംവിധം കറുത്ത പുക അന്തരീക്ഷത്തിലേക്ക് ഉയർന്നു പൊങ്ങിയതോടെ ആളുകൾ പരിഭ്രാന്തരായി ഓടി.

നിമിഷങ്ങൾക്കകം നഗരം കറുത്ത പുകയിൽ ഇരുണ്ടു. കൊച്ചി മെട്രോയുടെ ജോലികൾ നടക്കുന്നതിനാൽ കെട്ടിടത്തിനടുത്തേക്ക് ഉടക്കത്തിൽ അഗ്നിശമന സേനയുടെ വാഹനങ്ങൾക്ക് കടക്കാനായില്ല. റോഡിലെ തടസങ്ങൾ ജെ.സി.ബിഉപയോഗിച്ച്നീക്കിവാഹനമെത്തിച്ചപ്പോഴേക്കും അരമണിക്കൂർ വൈകി.

കാറ്റു വീശിയതോടെ പുകപടലങ്ങൾക്കിടയിൽ തീ പടർന്നു കത്തി. തൊട്ടടുത്തുള്ള ഫ്ലാറ്റിലേക്ക് തീപടരാതിരിക്കാൻ അഗ്നിശമന സേനമറ്റൊരുക്കങ്ങൾ നടത്തി. ഫ്ലാറ്റിലെയും തൊട്ടടുത്ത സ്ഥാപനങ്ങളിലെയും മുഴുവൻ ആളുകളെയും ഒഴിപ്പിച്ചു.

വായു കടക്കാനുള്ള ചെറിയ ദ്വാരങ്ങൾ മാത്രമാണ് കെട്ടിടത്തിന്റെ ചുവരുകൾക്കുണ്ടായിരുന്നത്. പുറമേ ഇരുമ്പു ഷീറ്റുകൾ കൊണ്ടുള്ള കവചവുമുണ്ടായിരുന്നു. അതിനാൽ തുടക്കത്തിൽകെട്ടിടത്തിനുള്ളിലേക്ക്വെള്ളം ചീറ്റിക്കാനായില്ല.

ഷീറ്റുകൾകത്തിയമർന്ന്എയർഹോളുകൾകാണാനായപ്പോഴാണ് ഉള്ളിലേക്ക്വെള്ളം ചീറ്റിച്ചത്.

പ്രമുഖ ചെരുപ്പ് ബ്രാൻഡുകളുടെ മൊത്തവിതരണക്കാരാണ് കമ്പനി. കോടികളുടെ നഷ്ടം കണക്കാക്കുന്നു. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് അഗ്നിശമന സേന അറിയിച്ചു.

മാദ്ധ്യമ ചരിത്രയാത്രയുടെ ഉദ്ഘാടനം കേരളകൗമുദി അങ്കണത്തിൽ ഇന്ന്

തിരുവനന്തപുരം: കേരള പത്രപ്രവർത്തക യൂണിയനം പി.ആർ.ഡിയുമായി സഹകരിച്ച് കേരള മീഡിയ അക്കാഡമി നടത്തുന്ന മാദ്ധ്യമ ചരിത്രയാത്രയുടെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 3ന് കേരളകൗമുദി പേട്ട ഓഫീസ് വളപ്പിൽ നടക്കും. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നെയ്യാറ്റിൻകരയിലെജന്മഗൃഹംമുതൽആദ്യമലയാള പത്രം പിറന്നുവീണ തലശേരിയിലെ ഇല്ലിക്കുന്നിലുള്ള ഗ്രണ്ടർട്ട് ഭവനംവരെയാണ്യാത്ര. മാർച്ച്ഒന്നിന് സമാപിക്കും. 60 മാദ്ധ്യമവിദ്യാർത്ഥികളുംമാദ്ധ്യമപ്രവർത്തകരുമാണ്യാത്രയിൽ പങ്കെടുക്കുക.

കേരളകൗമുദിഅങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻയാത്ര ഉദ്ഘാടനം ചെയ്യും. കേരള മീഡിയ അക്കാഡമി ചെയർമാൻ ആർ. എസ്. ബാബു അദ്ധ്യക്ഷത വഹിക്കും. കേരളകൗമുദി ചീഫ് എഡിറ്റർ ദീപു രവിക്ക് സ്പീക്കർ ആദരപത്രം സമർപ്പിക്കും. വി.എസ്. ശിവകുമാർ എം.എൽ.എ മുഖ്യാതിഥിയാകും. എഷ്യാനെറ്റ്ന്യൂസ്എഡിറ്റർ എം.ജി. രാധാകൃഷ്ണൻ, കെ.യു. ഡബ്ലിയു.ജെ ജനറൽ സെക്രട്ടറി സി. നാരായണൻ, പി.ആർ.ഡി ഡയറക്ടർ ടി.വി. സുഭാഷ്, ജനയുഗം എഡിറ്റർ രാജാജി മാത്യു തോമസ്, കേരള മീഡിയ അക്കാഡമി മുൻ ചെയർമാൻ എസ്.ആർ. ശക്തിധരൻ, മലയാള മനോരമ ബ്യൂറോ ചീഫ് ജോൺ മുണ്ടക്കയം, മാതൃഭൂമിയിലെജി. ശേഖരൻനായർ, കൈരളിടിവിഡയറക്ടർഡോ. എൻ.പി. ചന്ദ്രശേഖരൻ, സംവിധായിക വിധു വിൻസന്റ്, കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷ്, കേരള മീഡിയ അക്കാഡമി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കമ്മ്യൂണിക്കേഷൻഡയറക്ടർഡോ.എം. ശങ്കർ, തിരുവനന്തപുരം പ്രസ്ക്ലബ് സെക്രട്ടറി എം. രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കും. എൻ.ആർ. എസ്. ബാബു, കെ.ജി. പരമേശ്വരൻനായർ, പി. ഫസിലുദ്ദീൻ, വി. ശശിധരൻ, പിറവന്തൂർ ശശിധരൻ, ഫോട്ടോഗ്രാഫർ പി. ശങ്കരൻകുട്ടി തുടങ്ങി 70 വയസ് കഴിഞ്ഞ മുതിർന്ന മാദ്ധ്യമപ്രവർത്തകരെ ആദരിക്കും.

നാളെ രാവിലെ 9ന് നെയ്യാറ്റിൻകരയിൽ ഡോ. സെബാസ്റ്റ്യൻ പോൾയാത്ര ഫ്ലാഗ്ഓഫ്ചെയ്യും. തുടർന്ന് യാത്ര സാധുജന പരിപാലിനി പത്രം നടത്തിയിരുന്ന അയ്യങ്കാളിയുടെ വെങ്ങാന്നൂരിൽ എത്തി ആദരവ് അർപ്പിക്കും. വക്കത്തെത്തി സ്വദേശാഭിമാനി പത്രത്തിന്റെ ഉടമയായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയെയും കായിക്കരയിലെത്തി വിവേകോദയം പത്രം നടത്തിയിരുന്ന മഹാകവി കുമാരനാശാനെയും അനുസ്മരിക്കും. അന്നുതന്നെ വൈകിട്ട് പരവൂരിൽ ആദ്യ മലയാള കാർട്ടൂണിസ്റ്റ് പി.എസ്. ഗോവിന്ദപിള്ളയെയും വിദൂഷകൻ പത്രത്തെയും അനുസ്മരിക്കും.

മീ ടൂ: മാപ്പു പറഞ്ഞ് അലൻസിയർ; കേസ് ഉപേക്ഷിച്ച് ദിവ്യാഗോപിനാഥ്

തിരുവനന്തപുരം: മീ ടൂ വെളിപ്പെട്ടതലിൽ കുടുങ്ങിയ നടൻ അലൻസിയർ തനിക്കെതിരെ വെളിപ്പെടുത്തൽ നടത്തിയ നടിദിവ്യാഗോപിനാഥിനോടു മാപ്പു പറഞ്ഞു. ഒരു ഇംഗ്ലീഷ്മാദ്ധ്യമത്തിനു നൽകിയ അഭിമുഖത്തിലായിരുന്നു അലൻസിയർ ക്ഷമ ചോദിച്ചത്. പരസ്യമായി ക്ഷമ ചോദിക്കണമെന്ന് ദിവ്യയും ആവശ്യപ്പെട്ടിരുന്നു.

തന്റെതെറ്റിനുക്ഷമചോദിക്കുന്നുവെന്നും ദിവ്യയോട് മാത്രമല്ല തന്റെ പ്രവൃത്തി മൂലം മുറിവേറ്റ എല്ലാ സഹപ്രവർത്തകരോടും ക്ഷമ ചോദിക്കുന്നതായും അലൻസിയർ പറഞ്ഞു. താനൊരു വിശുദ്ധനല്ലഎന്നുംതെറ്റുകൾപറ്റുന്നസാധാരണക്കാരനായ മനുഷ്യനാണെന്നും തെറ്റ്അംഗീകരിക്കുകയുംചെയ്യുമ്പോയ പ്രവൃത്തിയിൽ പശ്ചാത്തപിക്കുകയും ചെയ്യാനാണ് കഴിയുകയെന്നും അലൻസിയർ കൂട്ടിച്ചേർത്തു.

അലൻസിയറിന്റെ മാപ്പപേക്ഷ സത്യസന്ധമാണെങ്കിൽ അത് സ്വീകരിക്കുന്നുവെന്നും കേസുമായി മുന്നോട്ട് പോകുന്നില്ലെന്നും ദിവ്യഗോപിനാഥ്പ്രതികരിച്ചു. കഴിഞ്ഞ വർഷം അവസാനമാണ് അലൻസിയർക്കെതിരെ ദിവ്യ മീ ടൂ ആരോപണം ഉന്നയിച്ചത്. 'ആഭാസം' എന്ന ചിത്രത്തിന്റെ ലൊക്കേഷനിൽ തന്നെ ലൈംഗികമായി ആക്രമിക്കാൻ അലൻസിയർശ്രമിച്ചെന്നായിരുന്നു ദിവ്യപറഞ്ഞത്.

പൊങ്കാലയ്ക്ക് പുറപ്പെട്ട അമ്മയ്ക്കും മകൾക്കും ബസിടിച്ച് ദാരുണാന്ത്യം

ആര്യ

ജലജ മണികണ്ഠൻ

കൊല്ലം: ആറ്റുകാൽ പൊങ്കാലയിടുന്നതിന് പോകാൻ സ്കൂട്ടറിൽ കൊല്ലം റെയിൽവേ സ്റ്റേഷനിലേക്ക് വന്ന അമ്മയ്ക്കും മകൾക്കും കെ.എസ്.ആർ.ടി.സി ബസിടിച്ച് ദാരുണാന്ത്യം. കൊല്ലം ആശ്രാമം ഉളിയക്കോവിൽ കാവടിപ്പുറം നഗർ കാവടി കിഴക്കതിൽ (ഹൗസ് നമ്പർ- 62) ജലജ മണികണ്ഠൻ (50), മകൾ ആര്യ (27) എന്നിവരാണ് മരിച്ചത്. ഇന്നലെ രാവിലെ ആറുമണിയോടെ കൊല്ലം- കണ്ണനല്ലൂർ റോഡിൽ ഭാരതരാജ്ഞിപള്ളിക്ക് മുന്നിലായിരുന്നു അപകടം.

വീട്ടിൽ നിന്ന് കടപ്പാക്കട വഴി കൊല്ലം റെയിൽവേ സ്റ്റേഷനിലെത്തി ടെയിനിൽ തിരുവനന്തപുരത്തേക്ക് പോകാനിറങ്ങിയതാണ് ഇരുവരും. ഇവർ സഞ്ചരിച്ച സ്കൂട്ടറിൽ എതിരെ വന്ന കൊല്ലം- കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി വേണാട് ബസ് ഇടിക്കുകയായിരുന്നു. ജലജസംഭവസ്ഥലത്ത്തന്നെമരിച്ചു. ആര്യയെ നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അടിയന്തര ചികിത്സ നൽകിയെങ്കിലും രാവിലെഒമ്പതോടെ മരിച്ചു.

ആര്യയെവിദഗ്ദ്ധചികിത്സയ്ക്കായി തിരുവനന്തപുരത്തെത്തിക്കാൻ പൊലീസ് ശ്രമിച്ചെങ്കിലും ആറ്റുകാൽ പൊങ്കാല നടക്കുന്നതിനാൽയാത്രദുഷ്കരമായിരിക്കുമെന്നത് കണക്കിലെടുത്ത് ശ്രമം ഉപേക്ഷിക്കുകയായിരുന്നു.

ജലജയുടെ ഭർത്താവ് മണികണ്ഠൻ ചിന്നക്കടയിൽ ലോഡിംഗ് തൊഴിലാളിയാണ്. അരിപ്പൊടിയും മറ്റ് സാധനങ്ങളും പാക്കറ്റിലാക്കികടകളിൽ എത്തിക്കുന്ന ചെറുകിടസംരംഭം നടത്തിവരികയായിരുന്നു ജലജ. മറ്റൊരുമകൾ: ആതിര. ആര്യയുടെഭർത്താവ്ശ്രീജിത്ത് വിദേശത്താണ്. യു.കെ.ജിവിദ്യാർത്ഥി അദ്വൈത് മകനാണ്. ഇരുവരുടെയും മൃതദേഹം ജില്ലാആശുപത്രി മോർച്ചറിയിൽ. ശ്രീജിത്ത് ഇന്ന്നാട്ടിലെത്തിയശേഷം സംസ്കാരം പോളയത്തോട്ശ്മശാനത്തിൽ നടക്കും. അപകടത്തിനിടയാക്കിയ കെ.എസ്.ആർ.ടി.സി ബസിന്റെ ഡ്രൈവർ ഒളിവിലാണ്.

പൊങ്കാല സവാരി വന്ന ആട്ടോ ഡ്രൈവർ മുങ്ങി മരിച്ചു

രാജീവ്

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയ്ക്ക് ഭക്തരെയും കൊണ്ടു വന്ന ആട്ടോ ഡ്രൈവർ ശ്രീവരാഹം കളത്തിൽമുങ്ങി മരിച്ചു. വർക്കല പാലച്ചിറ കാറാത്തല ചാണിക്കൽ കോളനിയിൽ രാജന്റെയും സീതയുടെയും മകൻ രാജീവാണ് (35) മരിച്ചത്. ഇന്നലെ രാവിലെ 11.30 ഓടെയായിരുന്നു സംഭവം. കുളിക്കാനായി ഇറങ്ങിയ രാജീവ് നീന്തുന്നതിനിടെ മുങ്ങിപ്പോവുകയായിരുന്നു. രാജീവ്മുങ്ങിപ്പോവുന്നത് കണ്ട് കുളത്തിൽ കുളിക്കുകയായിരുന്ന മറ്റൊരാൾ രക്ഷിക്കാൻശ്രമിച്ചെങ്കിലുംകഴിഞ്ഞില്ല. തുടർന്ന്ഫയർഫോഴസിന്റെ മുങ്ങൽവിദഗ്ധരെത്തിയാണ്മൃതദേഹം പുറത്തെടുത്തത്. ഷൈലജയാണ് ഭാര്യ. മക്കൾ: ധീരജ്, ദിയ.

വിശ്വാസങ്ങളെയും വികാരങ്ങളെയും മുറിപ്പെടുത്തരുത്: ശ്രീ ശ്രീ രവിശങ്കർ

ശ്രീ ശ്രീ രവിശങ്കർ കൊല്ലം ആശ്രാമം മൈതാനത്തു നടന്ന മഹാസത്സംഗിനായി പ്രത്യേകം തയ്യാറാക്കിയ റാംപിലൂടെ പ്രധാനവേദിയിലേക്ക് എത്തുന്നു ഫോട്ടോ: ജ്യോതിരാജ് എൻ.എസ്

കൊല്ലം: ഒരാളുടെപോലും വിശ്വാസങ്ങളെയും വികാരങ്ങളെയും മുറിപ്പെടുത്തരുതെന്ന് ജീവനകലയുടെ ആചാര്യൻ ശ്രീ ശ്രീ രവിശങ്കർ പറഞ്ഞു. കൊല്ലം ആശ്രാമം മൈതാനത്ത് നടന്ന മഹാസത്സംഗിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഭക്തരുടെ വിശ്വാസങ്ങൾ മാനിക്കപ്പെടണം. കേരളീയരുടെ ദൈവമാണ് അയ്യപ്പൻ. തമിഴ്നാട്ടിൽമുരുകനെയാണ് ആരാധിക്കുന്നത്. മഹാരാഷ്ട്രയിൽ ഗണേശനെയും കർണാടകയിൽ ശിവനുമാണ്. ഓരോ പ്രദേശത്തും ഓരോ ദൈവങ്ങളാണ് ആരാധിക്കപ്പെടുന്നത്. എല്ലാദൈവങ്ങളും ഒന്നാണ്. അത് സൂര്യകിരണങ്ങൾ പോലെയാണ്. ഇങ്ങനെ പറഞ്ഞ ശേഷം അദ്ദേഹം അയ്യപ്പനെ പാടിയുറക്കുന്ന ഹരിവരാസനം ആലപിച്ചപ്പോൾആയിരക്കണക്കിന് ഭക്തർ ഏറ്റുചൊല്ലി.

പുൽവാമയിലുണ്ടായ ഭീകരാക്രമണം നിർഭാഗ്യകരമാണെന്ന് ഭക്തരുടെ ചോദ്യത്തിന് മറുപടിയായിഅദ്ദേഹംപറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. അതേസമയം അയൽരാജ്യങ്ങളുമായിനല്ലബന്ധമുണ്ടാക്കാനും സർക്കാർ ശ്രമിക്കണം. ജനതയെഒന്നാകെസന്തോഷത്തോടെ ജീവിക്കുന്നതും അഴിമതി ഇല്ലാതിരിക്കുന്നതുമാണ് സദ്ഭരണം. ദൈവചിന്തയിലധിഷ്ഠിതമായ ആത്മീയതയ്ക്ക് മാത്രമേ നവോത്ഥാനവും മാറ്റങ്ങളും സൃഷ്ടിക്കാൻ കഴിയൂ. എല്ലാവർക്കും പലതരത്തിലുള്ളപ്രശ്നങ്ങളുണ്ട്. മനസ് വിശാലമായ എല്ലാപ്രശ്നങ്ങളും അവസാനിക്കും. കുറച്ച് പേരുടെ സ്വപ്നങ്ങൾ സഫലമാകുന്നുണ്ടെങ്കിലും എല്ലാവരുടെ സ്വപ്നങ്ങളും സാക്ഷാത്കരിക്കപ്പെടും. ദൈവത്തിൽ വിശ്വാസം പുലർത്തിയാൽ എല്ലാപ്രശ്നങ്ങളും അവസാനിക്കും. ഒരു നല്ല മനസിൽ മാത്രമേ സംവേദനത്വവും കാര്യബോധവും ഉണ്ടാകൂ. എല്ലാവരുടെയും ഹൃദയവും ബുദ്ധിയും ഒരുപോലെ പ്രവർത്തിക്കണം. നമ്മുടേത് ഒരു മഹാരാജ്യമാണ്. യുവാക്കളിലാണ് നമ്മുടെ പ്രതീക്ഷ. പക്ഷെ വലിയൊരു വിഭാഗംചെറുപ്പക്കാർലഹരിപദാർത്ഥങ്ങൾക്ക്അടിമയാകുന്നു. ഇതിനെതിരെ എല്ലാവരും ഒരുമനസോടെ പ്രവർത്തിക്കണമെന്നുംഅദ്ദേഹം പറഞ്ഞു.

രോഗികൾ ശ്രദ്ധിക്കുക
തിങ്കൾ, ചൊവ്വ, ശനി, ഞായർ
തിരുവനന്തപുരത്ത്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശുക്രിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീംഷാക്കിർ
അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
HO: 2nd ഫ്ളോർ, സി.സി.ആർ.സി ബിൽഡിംഗ്, മണക്കാട് മാർക്കറ്റിനു സമീപം, തിരുവനന്തപുരം.

Vol. No. 109 Issue No. 51 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act).